ज्ञानादेव तु कैवल्यम्

# Sree Sankaracharya University of Sanskrit, Kalady
**(A Statutory Educational Institution Constituted by Government of Kerala)**
**Reaccredited by NAAC with 'A+'Grade**
**Kalady P.O., Ernakulam (Dist), Kerala – 683 574**
**Phone: 0484-2463380, 9446061639, E-mail: reg@ssus.ac.in, Website: www.ssus.ac.in**

**തീയതി : 27.01.2026**

## പ്രസിദ്ധീകരണത്തിന്

## ഡോ. ലിഷ സി. ആർന് ക്യാപ്റ്റൻ പദവി ലഭിച്ചു



ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ സംസ്കൃതം ജനറൽ വിഭാഗം അസിസ്റ്റന്റ് പ്രൊഫസറും അസോസിയേറ്റ് നാഷണൽ കേഡറ്റ് കോർപ്സ് (എൻ. സി. സി) ഓഫീസറുമായ ഡോ. ലിഷ സി. ആർന് ക്യാപ്റ്റൻ പദവിയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച്, ചുമതല ഏറ്റെടുത്തു. നിലവിൽ ലഫ്റ്റനന്റായിരുന്നു. എൻ. സി. സി. യുടെ 22 കേരള ബറ്റാലിയൻ ആസ്ഥാനത്ത് നടന്ന പീപ്പിംഗ് സെറിമണിയിൽ കമാൻഡിംഗ് ഓഫീസർ കേണൽ വിക്രാന്ത് അധികാരി ഡോ. ലിഷ സി. ആർനെ ക്യാപ്റ്റൻ പദവിയുടെ ചിഹ്നം അണിയിച്ചു. സർവ്വകലാശാലയുടെ ചരിത്രത്തിൽ ക്യാപ്റ്റൻ പദവി നേടുന്ന രണ്ടാമത്തെ എൻ. സി. സി. ഓഫീസറാണ് ഡോ. ലിഷ സി. ആർ. 2021ൽ മികച്ച എൻ. സി. സി. ഓഫീസർക്കുള്ള ദേശീയ പുരസ്കാരമായ ഡി. ജി. എൻ. സി. സി. കമൻഡേഷൻ കാർഡ് നേടി. സർവ്വകലാശാലയിലെ പൂർവ്വ വിദ്യാർത്ഥിയും മുൻ എൻ. സി. സി. കേഡറ്റുമായിരുന്ന ഡോ. ലിഷ സി. ആർ., എൻ. സി. സി. 'സി' സർട്ടിഫിക്കറ്റ് ജേതാവാണ്. ഭർത്താവ് രാജേഷ് ഇ. വി. (സിവിൽ പോലീസ് ഓഫീസർ, ജില്ല പോലീസ് ആസ്ഥാനം, കളമശേരി), മക്കൾ : ആദിദേവ്, ആദിലക്ഷ്മി.

**ജലീഷ് പീറ്റർ**
പബ്ലിക് റിലേഷൻസ് ഓഫീസർ
**ഫോൺ നം. 9447123075**